**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2166** **07.07.2015 ൽ മറുപടിയ്ക്ക്**

**ഇ-ഫയൽ സമ്പ്രദായം**

| **ചോദ്യം** | **മറുപടി** |
|---|---|
| **പ്രൊഫ. സി.രവീന്ദ്രനാഥ്** | **ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി**<br>( വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ) |
| (എ) ഇ-ഫയൽ സമ്പ്രദായം എല്ലാ വകുപ്പുകളിലും നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) ഇല്ല, നിലവിൽ സെക്രട്ടറിയേറ്റിലെ 19 വകുപ്പുകളിൽ ഇ-ഓഫീസ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. സെക്രട്ടറിയേറ്റിലെ ബാക്കിയുള്ള വകുപ്പുകളിൽ നടപ്പിലാക്കാനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നു. ഇതു കൂടാതെ 7 കളക്ടറേറ്റുകൾ 6 സബ് കളക്ടർ ഓഫീസുകൾ 15 ഡയറക്ടറേറ്റുകൾ എന്നിവിടങ്ങളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 2.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) ഇ-ഫയലിംഗ് പ്രായോഗികതലത്തിൽ കൊണ്ടുവന്നപ്പോൾ ഉണ്ടായ ബുദ്ധിമുട്ടുകളെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) കേന്ദ്ര സർക്കാർ പിൻതുടരുന്ന ഓഫീസ് മാന്വൽ അനുസരിച്ച് എൻ.ഐ.സി. വികസിപ്പിച്ചെടുത്ത സോഫ്റ്റ് വെയർ ആയ ഇ-ഓഫീസ് സംസ്ഥാനത്ത് നടപ്പാക്കിയപ്പോൾ ചില പ്രയാസങ്ങൾ തുടക്കത്തിൽ അനുഭവപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാന്വൽ സമ്പ്രദായത്തിൽ നിന്നും ഇലക്ട്രോണിക്സ് സമ്പ്രദായത്തിലേയ്ക്ക് മാറുമ്പോഴുണ്ടാകുന്ന സ്വാഭാവിക ബുദ്ധിമുട്ടുകളാണ് ഇതിൽ കൂടുതലും. ഇ-ഓഫീസ് കൈകാര്യം ചെയ്യുമ്പോൾ ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ ഹാൻഡ് ഹോൾഡ് സ്റ്റാഫിന്റെ സേവനം നല്കുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**